**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4921** **14-03-2023 - ൽ മറുപടിയ്ക്ക്**

**ദേശീയ പാതകളുടെ നവീകരണവും ഹൈവേ നിർമ്മാണവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ കോവൂർ കുഞ്ഞുമോൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ദേശീയ പാതകളുടെ നവീകരണം യഥാസമയം നടത്തുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | ദേശീയപാത വികസനം യഥാസമയം നടത്തുന്നതിന് ഭൂമി ഏറ്റെടുക്കൽ നടപടികൾ, നിർമ്മാണ പ്രവൃത്തികൾ എന്നിവ വിവിധതലങ്ങളിൽ കൃത്യമായി അവലോകനം ചെയ്യാറുണ്ട്. മാത്രമല്ല പാത നിർമ്മാണത്തിന് വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പുവരുത്തുന്നതിന് ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ യോഗങ്ങൾ നടത്താറുണ്ട്. മന്ത്രിതലത്തിൽ യോഗങ്ങൾ ചേരുകയും പ്രവൃത്തി ഇടങ്ങളിൽ എത്തി പരിശോധന നടത്തുകയും ചെയ്യുന്നു. പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാൻ ദേശീയപാത അതോറിറ്റിക്ക് എല്ലാ സഹായവും സംസ്ഥാനസർക്കാർ ഉറപ്പുവരുത്തുന്നുണ്ട്.<br><br>ദേശീയപാത 66 ന്റെ വികസനം യാഥാർത്ഥ്യമാക്കുന്നതിന് ഭൂമി ഏറ്റെടുക്കുന്ന തിനാവശ്യമായ തുകയുടെ 25% സംസ്ഥാനം വഹിക്കുന്നതുമായി ബന്ധപ്പെട്ട് NHAI, KIIFB, പൊതുമരാമത്ത് വകുപ്പ് എന്നിവരുൾപ്പെട്ട ത്രികക്ഷി കരാർ ഒപ്പിടുന്നതിന് സംസ്ഥാന സർക്കാർ അനുമതി നൽകുകയും ഈ ഇനത്തിൽ ഇതുവരെ 55,80,73,80,071/- രൂപ NHAI യ്ക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. ദേശീയപാത അതോറിറ്റി ആവശ്യപ്പെട്ടത് പ്രകാരം കരാറിന്റെ പരിധി മൂന്ന് ഗ്രീൻഫീൽഡ് അലൈൻമെന്റുകൾക്ക് കൂടി ബാധകമാക്കിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തിന് അനുവദിച്ച വിവിധ ഹൈവേകളിൽ ഇനിയും നിർമ്മാണം ആരംഭിക്കാത്തവയുടെ നിർമ്മാണം തുടങ്ങുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) | MoRTH/NHAI യുടെ അനുമതി ലഭ്യമായ പാതകളിൽ കരാർ ഒപ്പുവച്ച എല്ലാ പദ്ധതികളുടെയും പ്രവൃത്തി ആരംഭിച്ചതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. ബാക്കിയുള്ളവയുടെ വിശദമായ പദ്ധതിരേഖ (ഡി.പി.ആർ.) തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ